പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ 448 05.02.2014 - ൽ മറുപടിക്ക്

വയോമിത്രം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ. ഗുരുദാസൻ | ഡോ. എം.കെ. മുനീർ |
| ,, പി.റ്റി.എ. റഹീം | (ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും |
| ,, കെ. കുഞ്ഞമ്മത് മാസ്റ്റർ | വകുപ്പ് മന്ത്രി) |
| ,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | |

| | | | |
| --- | --- | --- | --- |
| (എ) | വയോമിത്രം പദ്ധതി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വഴി നടപ്പിലാക്കുമോ ; വിശദാംശം നൽകുമോ ; | (എ) | സംസ്ഥാനത്ത് നഗരപ്രദേശങ്ങളിൽ വസിക്കുന്ന 65 വയസിനുമേൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ വയോമിത്രം പദ്ധതി ആരംഭിച്ചത്. നിലവിൽ സംസ്ഥാനത്തെ 5 കോർപ്പറേഷൻ പ്രദേശത്തും, 20 മുനിസിപ്പൽ നഗരപ്രദേശത്തും നടപ്പാക്കി വരുന്നു. എല്ലാ നഗര പ്രദേശങ്ങളിലും നടപ്പാക്കി കഴിഞ്ഞ ശേഷം പദ്ധതി പ്രവർത്തനം അവലോകനം ചെയ്ത് ഗ്രാമപ്രദേശങ്ങളിലും വിജയകരമായി നടപ്പാക്കാനാകുമെന്ന് കണ്ടെത്തിയാൽ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഘട്ടം ഘട്ടമായി പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | വയോമിത്രം പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികളും ബജറ്റ് വിഹിതവും സംബന്ധിച്ച് വിശദമാക്കാമോ ? | (ബി) | സംസ്ഥാനത്തെ 25 നഗര പ്രദേശങ്ങളിൽ നടപ്പാക്കി വരുന്ന വയോമിത്രം പദ്ധതി 2013-14 സാമ്പത്തിക വർഷം 9 നഗരസഭ പ്രദേശത്ത് കൂടി ആരംഭിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരികയാണ്. വയോമിത്രം പദ്ധതിയ്ക്ക് വേണ്ടി ലഭ്യമായ ബജറ്റ് വിഹിതം ചുവടെ ചേർക്കുന്നു.<br>1. 2010 - 11: ബജറ്റ് വിഹിതം ഇല്ല<br>2. 2011 - 12: ബജറ്റ് വിഹിതം ഇല്ല<br>3. 2012 - 13: 4 കോടി<br>4. 2013 – 14: 5 കോടി |

സെക്ഷൻ ഓഫീസർ